(ബി) ഇവ ഏതെല്ലാം മേഖലകളിലേക്കാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള വ്യവസായങ്ങളുടെ വൈവിധ്യവൽക്കരണത്തിനും വിപുലീകരണത്തിനുമായി നിക്ഷേപിച്ച തുകയെത്ര;

(ഡി) വ്യവസായ മേഖലയിൽ എത്ര പേർക്ക് പുതുതായി തൊഴിൽ നൽകി; ഇത് സംബന്ധിച്ച് പൊതുമേഖല, സഹകാര്യ മേഖല എന്നിവ വേർതിരിച്ച് വിശദമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള പൊതു മേഖല സഹകാര്യമേഖല വ്യവസായങ്ങൾ അടച്ചുപൂട്ടിയതിന്റെയോ ലേ-ഓഫ് ചെയ്തതിന്റെയോ ഫലമായി ഉണ്ടായ തൊഴിൽ നഷ്ടം സംബന്ധിച്ച് വിശദവിവരം നൽകുമോ;

(എഫ്) പരമ്പരാഗത വ്യവസായങ്ങളുടെ പ്രതിസന്ധിയെ തുടർന്ന് എത്ര പേർക്ക് തൊഴിൽ നഷ്ടമായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ മുതൽ എഫ് വരെ) വിവരം ശേഖരിച്ചുവരുന്നു.

ലാഭകരമായി പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

114 [423] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിച്ചുവരുന്നുവെന്ന് അറിയിക്കുമോ;

(ബി) അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ 10 വർഷക്കാലമായി നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന പൊതു മേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(ഡി) മൊത്തം മൂലധന നിക്ഷേപത്തേക്കാൾ നഷ്ടം വരുത്തിയിട്ടുള്ള പൊതു മേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(ഇ) സമാനലക്ഷ്യങ്ങളും പശ്ചാത്തലവുമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സംയോജിപ്പിക്കുവാൻ ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇത്തരം സ്ഥാപനങ്ങളിലെ മാനേജുമെന്റുകളുടെ ഇൻഎഫിഷ്യൻസി, സാമ്പത്തിക അച്ചടക്കമില്ലായ്മ എന്നിവ അവലോകന വിധേയമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ജി) സാമ്പത്തിക പരിഷ്കാരങ്ങളുടെ അടിസ്ഥാനത്തിൽ തുടരെ നഷ്ടത്തിലാകുന്ന വ്യവസായ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഗവൺമെന്റ് ഏതെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടക്കണക്കുകളുടെ വിശദവിവരം പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി ആന്റ് ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരും ലാഭ നഷ്ടക്കണക്കുകളും അനുബന്ധമായി നൽകിയിട്ടുണ്ട്. †

(ഇ ആന്റ് എഫ്) സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. ഇത്തരം സ്ഥാപനങ്ങളിലെ മാനേജ്മെന്റിന്റെ പ്രവർത്തനം, സാമ്പത്തിക അച്ചടക്കമില്ലായ്മ എന്നിവ പരിശോധിക്കുന്നതിനായി വർഷംതോറും ആഡിറ്റുനടത്തിവരുന്നു. ഇതു കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്യുന്നതിനായി പൊതുമേഖല വ്യവസായ പുനഃസംഘടനാ ബോർഡിനെ (റിയാബ്) ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ജി) തുടരെ നഷ്ടത്തിലാകുന്ന വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സസൂക്ഷ്മം വിലയിരുത്തി എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ട് പഠിച്ചു ഗവൺമെന്റ് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

115 [429] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly